**മധുരമായ കുട്ടികളെ– മുഴുവൻ കല്പത്തിൽ വെച്ച് ഏറ്റവും വലിയ വ്യക്തി ഈ ബ്രഹ്മാവാണ്, ബ്രഹ്മാവിൽ തന്നെയാണ് ബാബ പ്രവേശിക്കുന്നത്, ഇദ്ദേഹത്തെ തന്നെയാണ് നിങ്ങൾ അനുകരിക്കേണ്ടത്.**

**ചോദ്യം–** ബാബയിലും ബ്രഹ്മാവിലുമുള്ള ഏതൊരു വിശേഷ ഗുണമാണ് നിങ്ങൾ അനുകരിക്കേണ്ടത്?
**ഉത്തരം–** ബാബ നിരാകാരിയും നിരഹങ്കാരിയുമാണ്, ബ്രഹ്മാവും സാകാരത്തിലിരുന്നുകൊണ്ടും സദാ നിരഹങ്കാരിയാണ്. ഇത്രയും വലിയ വ്യക്തിയായിട്ടും എത്ര സാധാരണമാണ്. ഇടയ്ക്ക് പറയും ബ്രഹ്മാവ് ഉയർന്നതിലും വച്ച് ഉയർന്ന, വജ്ര സമാനമാക്കുന്ന ബാബയുടെ പെട്ടിയാണ്, പഴയതിലും വച്ച് പഴയ ലോംഗ് ബൂട്ട്(ഷൂസ്) ആണ്, ഇദ്ദേഹത്തിലാണ് ബാബ പ്രവേശിച്ചിരിക്കുന്നത്. രണ്ടു പേരും കുട്ടികളുടെ സേവനത്തിൽ ഹാജരാണ്. അതിനാൽ അതേ പോലെ കുട്ടികളും ബാബയെ അനുകരിച്ച് നിരഹങ്കാരിയായി സേവനം ചെയ്യണം

**ഗീതം–** ഓം നമഃ ശിവായ...

**ഓം ശാന്തി**. കുട്ടികൾ ആരുടെ മഹിമയാണ് കേട്ടത്? സർവ്വ കുട്ടികളും പറയും ഉയർന്നതിലും വെച്ച് ഉയർന്ന ഭഗവാൻ, ഭഗവാന്റെ പേരാണ് ശിവൻ. ശിവായ നമഃ എന്നു പറയാറില്ലേ, ഇത് ഭാരതവാസികൾക്കും അറിയാം, ശിവ ജയന്തിയും ആഘോഷിക്കാറുണ്ട്. വളരെ മഹിമയും ചെയ്യുന്നുണ്ട്, അങ്ങ് തന്നെയാണ് മാതാവും, പിതാവും.... എന്നാൽ കേവലം ശിവായ നമഃ എന്നു മാത്രമാണ് പറയുന്നത്, എങ്ങനെ മാതാ പിതാവാകുന്നു, എങ്ങനെ സമ്പത്ത് നല്കുന്നു എന്ന് ലോകത്തിൽ ആരും മനസ്സിലാക്കുന്നില്ല. ബ്രഹ്മാവ് വിചിത്രനായ വ്യക്തിയാണ്. ശിവബാബ നിരാകാരനാണ്. ശിവബാബയ്ക്ക് ശരീരം ലഭിക്കാതെ എന്ത് ചെയ്യാൻ കഴിയും? ശിവബാബ നിരാകാരനാണ്. നിരാകാരന്റെ തന്നെ മഹിമയാണ് പാടുന്നത്. ഏറ്റവും ഉയർന്നതിലും വെച്ച് ഉയർന്നതാണ് നിവാസ സ്ഥാനം. ഏത് നിവാസ സ്ഥാനം? മൂല വതനം. ജഗദംബ ഈ ലോകത്തിലാണ് നിവസിക്കുന്നതെന്ന് സർവ്വർക്കും അറിയാം. ജഗത്ത് അർത്ഥം മനുഷ്യ സൃഷ്ടി. പേര് വളരെ നല്ലതാണ്– ജഗദംബ, എന്നാൽ ഇതാരാണ്? എവിടെ നിന്ന് വന്നു? ഇതൊന്നും മനസ്സിലാക്കുന്നില്ല. പരിചയം എവിടെ നിന്ന് ലഭിച്ചു? തീർച്ചയായും ഏതെങ്കിലും മനുഷ്യ ശരീരത്തിൽ പരമാത്മാവ് പ്രവേശിക്കണം. നിരാകാരിയായ ആത്മാക്കളും സാകാര ശരീരത്തിലാണ് വരുന്നത്. മൃഗങ്ങളിലും ആത്മാവുണ്ട്, എന്നാൽ അതിന് യാതൊരു മഹിമയുമില്ല. മഹിമയുള്ളത് ആർക്കാണ്? നിരാകാരനായ ശിവബാബയ്ക്ക്. ബാബയ്ക്ക് ശരീരത്തിൽ വരാതെ ഒന്നും ചെയ്യാൻ സാധിക്കില്ല. ആത്മാവിനും ശരീരം ലഭിക്കാതെ പാർട്ടഭിനയിക്കാൻ സാധിക്കില്ല. ശരീരത്തിന് മാത്രമല്ല മഹിമയുള്ളത്. ശരീരത്തിൽ ആത്മാവ് പ്രവേശിക്കുമ്പോഴാണ് മഹിമ ലഭിക്കുന്നത്. ബാബ പറയുന്നു– എന്റെ മഹിമ എല്ലാവരും ചെയ്യുന്നുണ്ട്– പതിത പാവനൻ, എന്നാൽ എനിക്കും പ്രവേശിക്കാൻ മനുഷ്യ ശരീരം വേണം. ശരീരമില്ലാതെ ഒന്നും ചെയ്യാൻ സാധിക്കില്ല. അതിനാൽ ബാബയും വന്ന് ശരീരം ധരിക്കുന്നു. ബാബ ഗർഭത്തിൽ വരുന്നില്ല. ശിവ ജയന്തിക്കും മഹിമയുണ്ട് എന്നാൽ ശിവബാബ ഏത് ശരീരത്തിൽ എപ്പോൾ വന്നു എന്ന് അറിയുന്നില്ല. രാത്രിയിൽ വന്നു, എന്നാൽ ഏത് ശരീരത്തിൽ വന്നു, ഇത് മനസ്സിലാക്കുന്നില്ല. പറയാറുണ്ട് ഭാഗീരഥം അർത്ഥം ഭാഗ്യശാലി രഥം അപ്പോൾ തീർച്ചയായും മനുഷ്യ ശരീരം തന്നെയായിരിക്കും. പരമപിതാ പരമാത്മാവ് പ്രവേശിക്കുന്ന ശരീരം എത്ര ഉയർന്നതിലും വെച്ച് ഉയർന്നതാണ്. ഇപ്പോൾ നിങ്ങൾക്കറിയാം ശിവബാബയ്ക്ക് ബ്രഹ്മാവിന്റെ ശരീരത്തിലല്ലാതെ മറ്റൊരു ശരീരത്തിൽ വരാൻ സാധിക്കില്ല. പരമപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ തന്നെയാണ് വന്ന് മനുഷ്യ സൃഷ്ടി രചിക്കുന്നത്, എപ്പോൾ എപ്പോൾ ഭാരതം വളരെ ദുഃഖിയും ഭ്രഷ്ടാചാരിയുമാകുന്നുവോ അപ്പോൾ പരമപിതാ പരമാത്മാവ് ഈ ശരീരത്തിൽ പ്രവേശിച്ച് നിങ്ങളെ സുഖിയും ശ്രേഷ്ഠാചാരിയുമാക്കുന്നു. ഈ ഭാഗീരഥമില്ലാതെ ബാബയ്ക്ക് ഒന്നും ചെയ്യാനാകില്ല. ആരെങ്കിലും വേണ്ടേ. ഈ ശരീരം ശിവബാബയുടേതാണ്. ഈ ശരീരം ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്ക് ശിവബാബയിൽ നിന്നും സമ്പത്തെടുക്കാൻ സാധിക്കില്ല. പറയാറുണ്ട് പ്രജാപിതാ ബ്രഹ്മാവ് അഥവാ ത്രിമൂർത്തി ബ്രഹ്മാവ്. ദേവ ദേവ മഹാദേവൻ എന്നു പറയാറുണ്ട്. ഈ മൂന്നു പേരിലും ബ്രഹ്മാവിന്റെ പേരാണ് ഉയർന്നത്, എന്തു കൊണ്ട്? ബ്രഹ്മാവ് ഇവിടെ തന്നെയാണ്, ഈ രഥത്തിലാണ് വരുന്നത്. വിഷ്ണുവിനെയും ശങ്കരനെയും ദേവത എന്നാണ് പറയുന്നത്. ബ്രഹ്മാവിനെ ദേവത എന്നു പറയാമോ? പ്രജാപിതാ ബ്രഹ്മാവാണ്. മനുഷ്യ ശരീരം വേണം. പറയുന്നു– പ്രജാപിതാ ബ്രഹ്മാവിലൂടെ മനുഷ്യ സൃഷ്ടി രചിക്കുന്നു എന്ന്. അപ്പോൾ തീർച്ചയായും ബ്രഹ്മാ മുഖത്തിലൂടെ തന്നെയാണ് ബ്രാഹ്മണരെ രചിക്കുന്നത്. അതിനാൽ ഇത് എത്ര വലിയ വ്യക്തിയാണ് എന്നാൽ എത്ര സാധാരണമാണ്. ഇത്രയും വലിയ വ്യക്തി,

എന്നാൽ ജീവിക്കുന്നത് നോക്കൂ എത്ര സാധാരണമായിട്ടാണ്. എത്ര നിരഹങ്കാരിയാണ്. ഇപ്പോൾ നിങ്ങളുടെ സേവയിൽ ഹാജരായിരിക്കുന്നു. നോക്കൂ, എങ്ങനെയാണ് ഇരുന്ന് പഠിപ്പിക്കുന്നത്. നിങ്ങൾ എന്താണ് പഠിക്കുന്നത്? നിങ്ങൾ പറയും രാജയോഗത്തിന്റെ പഠിത്തമാണ് പഠിക്കുന്നത് എന്ന്, ആരാണ് പഠിപ്പിക്കുന്നത്? പരമപിതാ പരമാത്മാവ്. അതിനാൽ ചെറിയവരും, വലിയവരും, വൃദ്ധരും.....സർവ്വരും പഠിക്കുന്നു. മനുഷ്യനിൽ നിന്നും ദേവത അഥവാ വിശ്വത്തിന്റെ അധികാരിയാകുന്നതിനുള്ള ഈശ്വരീയ കോളേജാണ് ഇത്. നമ്മൾ ഇവിടെ വന്നിരിക്കുന്നത് തന്നെ പഠിക്കുന്നതിന് അഥവാ വിശ്വത്തിന്റെ ചക്രവർത്തി പദവി നേടുന്നതിനാണ്. ലക്ഷ്മീ നാരായണൻ വിശ്വത്തിൽ രാജ്യം ഭരിച്ചിരുന്ന സമയത്ത് മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല, വേറൊരു ദേശവുമില്ല. ഒരേയൊരു ഭാരതദേശമായിരുന്നു. ഇപ്പോൾ വീണ്ടും ആ പദവി പ്രാപ്തമാക്കുന്നതിന് നിങ്ങൾ എങ്ങനെയാണ് ഇരിക്കുന്നത്. ഈ പഠിത്തത്തിലൂടെയല്ലാതെ നിങ്ങൾക്ക് വിശ്വത്തിന്റെ അധികാരിയാകാൻ സാധിക്കില്ല, ഭാരതത്തിന് ശിവാലയമാകാൻ സാധിക്കില്ല. ശിവബാബയെ തന്നെയാണ് നിരാകാരി, നിരഹങ്കാരിയെന്നു പറയുന്നത്. ഈ ശരീരത്തിൽ പ്രവേശിക്കാതെ നിരഹങ്കാരിത്വം കാണിക്കാൻ സാധിക്കില്ല. എത്ര മഹിമയുണ്ട്– അകാലമൂർത്ത്,.....എന്നാൽ ബാബയ്ക്ക് ശവത്തിന് ജീവൻ കൊടുക്കാൻ സാധിക്കില്ല. പരമപിതാ പരമാത്മാവാണ് പഠിപ്പിക്കുന്നതെന്ന ലഹരി നിങ്ങൾക്കുണ്ടായിരിക്കണം. പ്രജാപിതാ ബ്രഹ്മാവിലൂടെ രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. ബ്രഹ്മാവിനെയല്ലാതെ പ്രജാപിതാവെന്ന് മറ്റാരെയും പറയാൻ സാധിക്കില്ല. ശിവനോ വിഷ്ണുവോ പ്രജാപിതാവല്ല. ബ്രഹ്മാവ് തന്നെയാണ് മുഴുവൻ മനുഷ്യ സഷ്ടിയുടെയും പിതാവ്, ആത്മാക്കളുടെ പിതാവ് ശിവബാബയാണ്. ഈ പിതാവിനെ ആരും അറിയുന്നില്ല. തന്റെ ആത്മാവിനെ കുറിച്ചേ അറിയുന്നില്ല. പറയാറുണ്ട് പാപാത്മാവ്, പുണ്യാത്മാവ് പിന്നെന്ത് കൊണ്ട് ഞാൻ തന്നെ പരമാത്മാവാണെന്ന് പറയുന്നു? എത്ര ചതിയാണ്. നിങ്ങൾ കുട്ടികൾക്കറിയാം ഇന്നേയ്ക്ക് 5000 വർഷങ്ങൾക്ക് മുമ്പ് ശാന്തി, പവിത്രത, സമാധാനം ഉണ്ടായിരുന്നു. ഇപ്പോൾ ബാബ പറയുന്നു–ഞാൻ വന്ന് സർവ്വർക്കും ജ്ഞാനം നല്കുന്നു, ആദ്യം നിങ്ങൾക്കൊന്നും അറിയില്ലായിരുന്നു, ഇപ്പോൾ സർവ്വതും മനസ്സിലാക്കി. ബാബയുടെ ജീവചരിത്രം ബാബയിലൂടെ തന്നെയാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ നിരാകാരന് എങ്ങനെ ജീവചരിത്രം ഉണ്ടാകും? തീർച്ചയായും സാകാരത്തിൽ വരുമ്പോഴാണ് ജീവചരിത്രം ഉണ്ടാകുന്നത്. കേവലം ആത്മാവിന് ജീവചരിത്രം ഉണ്ടായിരിക്കില്ല. ജീവാത്മാവായാലേ പുനർജന്മത്തിൽ വരാൻ സാധിക്കുകയുള്ളൂ, ജീവചരിത്രം ഉണ്ടാകുകയുള്ളൂ. അവർ പറയുന്നു 84 ലക്ഷം പുനർജന്മം എടുക്കുന്നുവെന്ന്. ബാബ പറയുന്നു 84 ലക്ഷം ജന്മമില്ല. ഇതെല്ലാം പൊങ്ങച്ചമാണ്. ബാബ സ്വയം പറയുന്നു– ഞാൻ ബ്രഹ്മാവിന്റെ ശരീരത്തിൽ വന്ന് നിങ്ങൾക്ക് വേദങ്ങളുടെ സാരം മനസ്സിലാക്കി തരുന്നു. അതോടൊപ്പം രാജയോഗവും പഠിപ്പിക്കുന്നു, രചയിതാവിന്റെയും രചനയുടെയും ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യവും മനസ്സിലാക്കി തരുന്നു. ആദ്യം വലിയ വലിയ ഋഷി മുനിമാർക്ക് പോലും അറിയില്ലായിരുന്നു, പിന്നെ എങ്ങനെ അവരുടെ ശിഷ്യൻമാർക്ക് മനസ്സിലാക്കാൻ സാധിക്കും. അപ്പോൾ നോക്കൂ– എത്ര വലിയ വ്യക്തിയാണ് സാധാരണ രൂപത്തിലുള്ളത്. ഉയർന്നതിലും വച്ച് ഉയർന്ന വജ്രമാക്കുന്നത് ബാബയാണ്. ബ്രഹ്മാവ് ആ വജ്രത്തിനിരിക്കുന്നതിനുള്ള പെട്ടിയാണ്. രഥമെന്നു പറയാം, പഴയ ചെരിപ്പെന്നും പറയാം, ഏറ്റവും പഴയ ചെരിപ്പ് ഇതാണ്. ആദ്യം ആദ്യം ആത്മാവ് വരുമ്പോൾ തീർത്തും നമ്പർ വൺ ആയിരുന്നു, ശ്രീ നാരായണൻ നമ്പർ വൺ ആണ്. ശ്രീ ലക്ഷ്മിയും പ്ലസ്സിലാണ്. അവരും പുനർജന്മം എടുക്കുന്നു. ആദ്യം സൂര്യവംശിയിൽ, പിന്നെ ചന്ദ്രവംശിയിൽ...അങ്ങനെ ജന്മമെടുത്ത് 84ന്റെ കണക്കും ഉണ്ടാകണ്ടേ. 84 ലക്ഷത്തിന്റെ കണക്ക് ആർക്കും പറയാൻ സാധിക്കില്ല. 84 ലക്ഷം ജന്മങ്ങൾ കാരണം കല്പത്തിന്റെ ആയുസ്സും ലക്ഷ കണക്കിന് വർഷമാക്കി കാണിച്ചിരിക്കുന്നു. ലക്ഷകണക്കിന് വർഷങ്ങൾ ഉണ്ടായിരുന്നെങ്കിൽ ഭാരതവാസികൾ ഹിന്ദുക്കൾ നിറയെ ഉണ്ടായേനേ. എന്നാൽ ഇവരുടെ സംഖ്യ വളരെ കുറവാണ്. ഭാരതത്തിന്റെ ദേവി ദേവതാ ധർമ്മം പ്രായേണ ലോപിച്ചു. ആർക്കും ഇപ്പോൾ ദേവി ദേവതാ എന്നു പറയാൻ സാധിക്കില്ല കാരണം ദേവതമാർ സർവ്വഗുണ സമ്പന്നരായിരുന്നു. ഇപ്പോൾ അവർ ഇല്ല. ഇത് രാവണ രാജ്യമാണ്, രാമ രാജ്യമല്ല. മനുഷ്യർ രാമന്റേയോ രാവണന്റേയോ ചരിത്രം അറിയുന്നില്ല. ഓരോ ദിവസം തോറും രാവണൻ വലുതായി കൊണ്ടിരിക്കുന്നു. ലോകം പതിതമാകുന്നു. 16 കലയിൽ നിന്നും കുറഞ്ഞ് ഇപ്പോൾ ഒരു കലയുമില്ല. സർവ്വരും പറയുന്നു– നിർഗുണനായ എന്നിൽ ഒരു ഗുണവുമില്ല, ദയ കാണിക്കൂ എന്ന്. അതിനാൽ നമ്മൾ സർവ്വഗുണ സമ്പന്നരും, 16 കലാ സമ്പൂർണ്ണരുമാകണം. ഭാരതം ആദ്യം പരിസ്ഥാൻ ആയിരുന്നു. മനുഷ്യർ ഇങ്ങനെ പറയുന്നു എന്നാൽ സൃഷ്ടി ചക്രത്തെ കുറിച്ച് അറിയുന്നില്ല. ബാബ പറയുന്നു മായ നിങ്ങളെ തുച്ഛ ബുദ്ധിയാക്കി. എന്നാലും എത്ര അഭിമാനമാണ്.

കുട്ടികളാകുന്ന നിങ്ങളോട് ബാബ പറയുന്നു–മധുരമായ കുട്ടികളെ, നിങ്ങൾ രാമനെ ഓർമ്മിക്കൂ എങ്കിൽ മാലയിൽ കോർക്കുന്നതിന് യോഗ്യരാകും. രുദ്ര മാലയ്ക്ക് ശേഷമാണ് വിഷ്ണുവിന്റെ മാല. ഭക്തരുടെ മാലയിൽ ഭക്തരുടെ മഹിമയാണ് ഉള്ളത്. ഈ രുദ്ര മാലയിലുള്ളവർ പിന്നെ വിഷ്ണുവിന്റെ മാലയിൽ

കോർക്കപ്പെടണം അർത്ഥം അവർ വിഷ്ണുവിന്റെ രാജ്യത്തിൽ പോകുന്നു. എത്ര ഉയർന്ന ജ്ഞാനമാണ്. സന്യാസവും രണ്ട് പ്രകാരത്തിലുണ്ട്. അത് ഹഠയോഗ സന്യാസമാണ്. കർമ്മ സന്യാസം ഒരിക്കലും ചെയ്യാൻ സാധിക്കില്ല. കർമ്മം ചെയ്യാതെ മനുഷ്യന് ജീവിക്കാൻ സാധിക്കില്ല. പ്രാണായാമം ചെയ്യുകയാണെങ്കിലും അതും കർമ്മമല്ലേ ചെയ്യുന്നത്. അനേക പ്രകാരത്തിലൂടെ അഭ്യസിക്കുന്നു. അത് രാജയോഗമല്ല. അതാണ് പരിധിയുള്ള സന്യാസം, ഹഠയോഗ സന്യാസം. അതും ഭാരതത്തിന്റെ ധർമ്മം പവിത്രതയാണ്. എന്നാൽ ദേവി ദേവതമാരെ പോലെ പവിത്രമായ ഒരു ധർമ്മവും ഉണ്ടായിരിക്കില്ല. അവിടെ സന്യസിക്കേണ്ടി വരുന്നില്ല കാരണം ആത്മാവ് പവിത്രമാണ് അതിനാൽ ശരീരവും പവിത്രമായത് ലഭിക്കുന്നു. ആത്മാവിൽ തന്നെയാണ് വികാരങ്ങൾ വരുന്നത്. കലകൾ കുറഞ്ഞ് കുറഞ്ഞ് പതിതമാകണം. ഇപ്പോൾ സർവ്വാത്മാക്കളും ഇരുമ്പ് യുഗത്തിലാണ്, സർവ്വരും കറുത്തു. ആത്മാവ് പവിത്രമായിരുന്നപ്പോൾ വെളുപ്പായിരുന്നു. ഇപ്പോൾ ആത്മാവ് അപവിത്രമാണ് അപ്പോൾ ശരീരവും അപവിത്രമാണ്. പറയാറുണ്ട് ശ്യാമ സുന്ദരൻ. കൃഷ്ണന്റെ ചിത്രം കറുപ്പും വെളുപ്പുമായി ഉണ്ടാക്കുന്നു. ഇപ്പോൾ നിങ്ങൾ സർവ്വരും ശ്യാമ സുന്ദരന്മാരാണ് . ആദ്യം ഭാരതം സ്വർണ്ണിമ യുഗമായിരുന്നു, ഇപ്പോൾ ഇരുമ്പ് യുഗമായി. ഇപ്പോൾ വീണ്ടും ബാബ ജ്ഞാന ചിതയിലിരുത്തി വെളുപ്പിക്കുന്നു. മുക്തി ജീവൻമുക്തി വേണമെങ്കിൽ വികാരങ്ങളുടെ ആയുധ പ്രയോഗം നിർത്തൂ. പവിത്രതയുടെ രാഖി അണിയൂ.ഇത് ഈ സമയത്തെ കാര്യമാണ്, ഇപ്പോൾ നിങ്ങൾ ബ്രഹ്മാവിന്റെ കുട്ടികളാണ്. ബ്രാഹ്മണനാകാതെ ആർക്കും ഇവിടെ വരാൻ സാധിക്കില്ല. നിങ്ങളാണ് ബ്രഹ്മാമുഖവംശാവലി. ശിവബാബ പറയുന്നു- നിരാകാരനായ എന്റെ മഹിമ നിങ്ങൾ പാടുന്നു, എന്നാൽ ശരീരം എടുക്കാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. ഞാൻ വളരെ ജന്മങ്ങളുടെ അന്തിമ ജന്മത്തിന്റെയും അന്തിമത്തിലാണ് വരുന്നത്. ഇപ്പോൾ സർവ്വരുടെയും വിനാശം ഉണ്ടാകണം. ബ്രഹ്മാവിലൂടെ സ്ഥാപന, എന്തിന്റെ? കലിയുഗത്തിന്റെ സ്ഥാപന ഒരിക്കലും ഉണ്ടാകുന്നില്ല. സ്ഥാപന നടക്കുന്നത് സത്യയുഗത്തിന്റേതാണ്, അതും സംഗമയുഗത്തിൽ. ബാബ പറയുന്നു- ഞാൻ വരുന്നത് സംഗമയുഗത്തിലാണ്. നിങ്ങൾ ബ്രാഹ്മണർക്ക് ഇത് സംഗമമാണ്, ബാക്കി സർവ്വർക്കും കലിയുഗമാണ്. ഈ സമയത്ത് സർവ്വരും ഘോര അന്ധകാരത്തിലാണ്.അതിനാൽ ഘോര അന്ധകാരത്തെ തന്നെയാണ് ബാബ വന്ന് ഘോരമായ പ്രകാശമാക്കുന്നത്. കുട്ടികളാകുന്ന നിങ്ങൾക്കറിയാം ഇത് വിചിത്രമായ വസ്തുവാണ്. കൃഷ്ണൻ കൊച്ചു കുട്ടിയാണ്, കൃഷ്ണന് ഒന്നും മനസ്സിലാക്കി തരാൻ സാധിക്കില്ല. കൃഷ്ണന്റെ ആത്മാവും വ്യത്യസ്ഥ നാമ രൂപത്തിൽ അന്തിമ ജന്മത്തിൽ ബാബയിലൂടെ മനസ്സിലാക്കുന്നു, അതിനാൽ ശ്യാമ സുന്ദരൻ എന്നും പറയുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ബാപ്ദാദയ്ക്ക് സമാനം നിരഹങ്കാരിയും നിരാകാരിയുമാകണം. സർവ്വരുടെയും സേവനം ചെയ്യണം.

2) മുക്തി ജീവൻമുക്തിക്കു വേണ്ടി പവിത്രതയുടെ രാഖി അണിയണം. ജ്ഞാന ചിതയിലിരിക്കണം.

## വരദാനം:- പവർഫുൾ ബ്രേക്ക് മുഖേന സെക്കന്റിൽ വ്യക്തഭാവത്തിന് ഉപരിയായി മാറുന്ന അവ്യക്ത ഫരിസ്ത അഥവാ അശരീരിയായി ഭവിക്കട്ടെ.

ചുറ്റപാടും ശബ്ദകോലാഹലങ്ങളുടെ വായുമണ്ഡലമായിരിക്കും, പക്ഷെ നിങ്ങൾ ഒരു സെക്കന്റിനുള്ളിൽ ഫുൾസ്റ്റോപ്പിട്ട് വ്യക്തഭാവത്തിന് ഉപരി പോകൂ, സഡൻ ബ്രേക്കിടൂ, അപ്പോൾ പറയാം അവ്യക്ത ഫരിസ്ത അഥവാ അശരീരി. ഇപ്പോൾ ഈ അഭ്യാസത്തിന്റെ വളരെ ആവശ്യകതയുണ്ട്, എന്തുകൊണ്ടെന്നാൽ അപ്രതീക്ഷിതമായി പ്രകൃതി ക്ഷോഭങ്ങൾ വരാനിരിക്കുന്നു, ആ സമയത്ത് ബുദ്ധി മറ്റെവിടെയും പോകരുത്, കേവലം ബാബയും ഞാനും, ബുദ്ധിയെ എവിടെ വെക്കാനാഗ്രഹിക്കുന്നുവോ അവിടെ വെക്കാൻ കഴിയണം. ഇതിന് വേണ്ടി സമാനമാകുന്നതിന്റെയും ഒതുക്കുന്നതിന്റെയും ശക്തി വേണം, അപ്പോൾ പറക്കുന്ന കലയിൽ പോകാൻ കഴിയും.

## സ്ലോഗൻ :- സന്തോഷമാകുന്ന ഔഷധം കഴിച്ചുകൊണ്ടിരിക്കൂ എങ്കിൽ മനസ്സും ബുദ്ധിയും ശക്തിശാലിയായി മാറും.

## മാതേശ്വരിജിയുടെ അമൂല്യമഹാവാക്യങ്ങൾ

### *ലോകത്തിലെ അനേക പ്രകാരത്തിലുള്ള മതങ്ങളും പരമാത്മാവിന്റെ ശ്രേഷ്ഠ മതവും*

ഈ ലോകത്തിൽ മൂന്ന് പ്രകാരത്തിലുള്ള മതങ്ങളുണ്ട്- ഒന്ന് മൻമതം(തന്നിഷ്ടം), രണ്ട് ഗുരു മതം, മൂന്ന് ശാസ്ത്ര മതം. ഇപ്പോൾ ചിന്തിക്കേണ്ട കാര്യമിതാണ്- മൻമതം, ഗുരു മതം, ശാസ്ത്ര മതം എന്നിവയെല്ലാം ആത്മാക്കളുടെ മതമാണ്, അത് ദേവതകളുടെ മതമോ പരമാത്മാവിന്റെ മതമോ അല്ല. ഏതെങ്കിലും ദേവതകളുടെ മതം കിട്ടിയെന്നിരിക്കട്ടെ, അത് മനുഷ്യാത്മാവിന്റെ മതമാണ്. പക്ഷെ ദേവതകളാണെങ്കിൽ സർവ്വ ഗുണ സമ്പന്നരും 16 കലാ സമ്പൂർണ്ണരുമാണ്, അവർക്ക് ഗുരുമതത്തിന്റെയോ ശാസ്ത്രമതത്തിന്റെയോ ആവശ്യകതയില്ല. അവർക്ക് ഗുരുവിന്റെ പോലും ആവശ്യകതയില്ല. ഗുരുക്കന്മാരെ സ്വീകരിക്കുന്നത് സദ്ഗതിക്കുവേണ്ടിയാണ്. അതിനാൽ ആര് അധോഗതിയിലാണോ അവർക്ക് ഗുരുവിനെ സ്വീകരിക്കാം, പക്ഷെ സത്യ ത്രേതായുഗങ്ങളിൽ അധോഗതിയില്ലല്ലോ, അതിനാൽ അവിടെ ഗുരുവിനെ സ്വീകരിക്കേണ്ട ആവശ്യകതയില്ല. വാസ്തവത്തിൽ സത്യമായ ഗുരു ഒരു പരമാത്മാവാണ്, പരമാത്മാവ് സർവ്വാത്മാക്കൾക്കും സദ്ഗതി നൽകുന്നതിനായി ഈ ഡ്രാമയുടെ അന്തിമത്തിൽ വരുന്നു. ബാക്കിയെല്ലാം തന്നെ നാമമാത്ര ഗുരുക്കന്മാരാണ്, എന്തുകൊണ്ടെന്നാൽ ഏതൊരു മനുഷ്യാത്മാവിനും മുക്തിയുടെയും ജീവന്മുക്തിയുടെയും വഴി പറഞ്ഞുതരാൻ കഴിയില്ല. ദേവതകളും മനുഷ്യനിൽ നിന്ന് ദേവതകളായവരാണ്, ബാക്കി അവരാരും തന്നെ മൂന്നാം കണ്ണുള്ളവരോ നാല് കൈകളുള്ളവരോ ആയിരുന്നില്ല. ലോകർ മനസ്സിലാക്കുന്നത് ദേവതകൾ മനുഷ്യരിൽ നിന്ന് വ്യത്യസ്ഥരായിരിക്കുമെന്ന്. ശരിയാണ് വ്യത്യസ്ഥത ഇതാണ്, അവർ 16 കലാ സമ്പൂർണ്ണരായത് കാരണം വളരെ പവിത്രമാണ്, അവരുടെ സംസ്കാരം വളരെ ശുദ്ധമായിരുന്നു, ബാക്കി മനുഷ്യർ മനുഷ്യർ തന്നെയാണ്. മനുഷ്യരിൽ ദൈവീക ഗുണങ്ങളുള്ളപ്പോൾ അവരെ ദേവത എന്ന് വിളിക്കുന്നു. ഇപ്പോൾ ഈ മതം നമുക്ക് പരമാത്മാവിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുകയാണ്, നമ്മൾ മനുഷ്യമതത്തിലോ ഗുരുമതത്തിലോ അല്ല. നമ്മൾ നടന്നുകൊണ്ടിരിക്കുന്നത് പരമാത്മാവിന്റെ മതമനുസരിച്ചാണ്, സർവ്വാത്മാക്കളേക്കാൾ പരമാത്മാവിന്റെ മതം തീർച്ചയായും ശ്രേഷ്ഠ മതമായിരിക്കും. ശരി, ഓം ശാന്തി.